സീ - പ്ലെയിൻ പദ്ധതി

288 (4574) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീ-പ്ലെയിൻ പദ്ധതി പ്രകാരം എത്ര പ്ലെയിനുകളാണ് കേരളത്തിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നത്; ആയത് ഏതൊക്കെ സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ഘാടനം എവിടെവെച്ചാണ് സംഘടിപ്പിച്ചത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പദ്ധതിക്കായി സീ-പ്ലെയിൻ വാങ്ങിയത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; ഏത് കമ്പനിയിൽനിന്ന് എത്ര തുകയ്ക്കാണ് വാങ്ങിയിട്ടുള്ളത്?

ഉത്തരം

(എ) നിലവിൽ സീ-പ്ലെയിൻ പദ്ധതി പ്രകാരം കേരളത്തിൽ ജലവിമാനങ്ങൾ ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല.

(ബി) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2-6-2013-ന് കൊല്ലം അഷ്ടമുടിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർ ഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും ടൂറിസം വകുപ്പാണ് ഒരുക്കിയിരിക്കുന്നത്. 'ഓപ്പൺ സ്കൈ' പോളിസിയുടെ ഭാഗമായി കൈരളി ഏവിയേഷൻ ലിമിറ്റഡിന്റെ സെസ്ന 206 എ വിഭാഗത്തിൽപ്പെട്ട സീ-പ്ലെയിൻ ആണ് തദവസരത്തിൽ സർവ്വീസിനായി എത്തിയത്.

(സി) പദ്ധതിക്കായി സീ-പ്ലെയിനുകൾ വാങ്ങിയിട്ടില്ല. സർക്കാരിനുവേണ്ടി പദ്ധതിയുടെ നോഡൽ ഏജൻസിയായ കെ.ടി.ഐ.എൽ. അടിസ്ഥാന സൗകര്യങ്ങൾ മാത്രമാണ് ഒരുക്കുന്നത്. DGCA-യുടെ അനുമതിയുള്ള ഏത് ഓപ്പറേറ്റർമാർക്കും 'ഓപ്പൺ സ്കൈ' പോളിസിയുടെ അടിസ്ഥാനത്തിൽ സർവ്വീസ് നടത്താവുന്നതാണ്.

കെ.ടി.ഡി.സി. യിൽ പെൻഷൻ പദ്ധതി

289(4575) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.ടി.ഡി.സി.യിലെ വർഷങ്ങളോളമായി സ്ഥിരമായി തൊഴിലെടുത്തുകൊണ്ടിരിക്കുന്ന കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടിയെടുക്കുമോ;

(ബി) കെ.ടി.ഡി.സി. യിൽ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിരുന്നത് എന്ന് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഒന്നിലധികം കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ളതിനാൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവുകൾ അനുസരിച്ചു മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) അത്തരത്തിൽ ഒരു തീരുമാനം കഴിഞ്ഞ സർക്കാർ എടുത്തതായി അറിവില്ല.

ഡി.റ്റി.പി.സി. മുഖേന റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ

290 (4577) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി.പി.സി. മുഖേന റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികൾക്കായി ഇതേവരെ അനുവദിച്ചിട്ടുള്ളത് എത്ര തുക വീതമാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുകയുപയോഗിച്ച് ഓരോ ടൂറിസം പദ്ധതിയിലും എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; ഓരോ പദ്ധതിക്കും എത്ര വീതം തുകയായിരുന്നു മാറ്റിവെച്ചിരുന്നത്; ഇതിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ഇനിയും ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ;

(സി) ഓരോ ടൂറിസം പദ്ധതിയുടെയും പൂർത്തീകരണത്തിനായി എത്ര വീതം തുകകളാണ് ഇനി വേണ്ടത് ; ഇതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിക്കായി ഒന്നാം ഘട്ടത്തിൽ 97,12,800 രൂപയും, രണ്ടാം ഘട്ടത്തിനായി 75,85,000 രൂപയും, മണിയാർ ടൂറിസം പദ്ധതിക്കായി 50 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ നിർമ്മാണച്ചുമതല സിഡ്കോയ്ക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly